# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


**പി.ആർ.ഒ./39/249/2018** **2018 നവംബർ 22**

# എം.ജി. വാർത്താക്കുറിപ്പ്

---

## സർവകലാശാലയിൽ പിറന്ന രാജ്യത്തെ

## ആദ്യ സിനിമ ഇന്ന് വെള്ളിത്തിരയിൽ

**– എം.ജി. സർവകലാശാലയുടെ 'സമക്ഷം' റിലീസ് ഇന്ന്**

രാജ്യത്ത് ആദ്യമായൊരു സർവകലാശാല നിർമിച്ച സിനിമ ഇന്ന് (നവംബർ 23) തീയേറ്ററുകളിലെത്തും. മഹാത്മാ ഗാന്ധി യൂണിവേഴ് സിറ്റി ക്രിയേഷൻസ് നിർമിച്ച സിനിമ 'സമക്ഷം' സംസ്ഥാനത്തെ ഒൻപത് കേന്ദ്രങ്ങളിലാണ് റിലീസ് ചെയ്യുന്നത് . കോട്ടയം, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട് ചിറ്റൂർ , നോർത്ത് പറവൂർ , ചേർത്തല, തലയോലപ്പറമ്പ് എന്നിവിടങ്ങളിലാണ് ആദ്യറിലീസ്.

എം.ആർ. ഉണ്ണി നിർമാണം നിർവഹിച്ച ചിത്രത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത് ഡോ . അജു കെ . നാരായണനും ഡോ . അൻവർ അബ്ദുള്ളയുമാണ്. കൈലാഷ്, ഗായത്രി കൃഷ്ണ , പ്രേംപ്രകാശ്, എം.ആർ. ഗോപകുമാർ, ദിലീഷ് പോത്തൻ , സോഹൻ സിനുലാൽ , പി. ബാലചന്ദ്രൻ, സിദ്ധാർഥ് ശിവ , അക്ഷര കിഷോർ , ഡാവിഞ്ചി, ദിനേഷ് പ്രഭാകർ , അനിൽ നെടുമങ്ങാട് , അനശ്വര രാജൻ, ശ്രീജ എന്നിവർ മുഖ്യവേഷത്തിലെത്തും.

ബിനു കുര്യൻ ഛായാഗ്രഹണവും കിരൺദാസ് എഡിറ്റിങ്ങും എബി സാൽവിൻ തോമസ് സംഗീതവും നിർവഹിച്ചു. സുധാംശുവിന്റെ ഗാനങ്ങൾ ഉദയ് രാമചന്ദ്രനും വിഷ്ണു പ്രസാദുമാണ് ആലപിച്ചത് . വസ്ത്രാലങ്കാരം സുനിൽ റഹ്മാനും മനോജ് അങ്കമാലി ചമയവും നിർവഹിച്ചിരിക്കുന്നു . 1.58 മണിക്കൂറാണ് സിനിമയുടെ ദൈർഘ്യം.

## കുമരകം ജി.വി.എച്ച്.എസ്.എസ് ഒരുക്കും

## എം.ജി.യുടെ പുസ്തകങ്ങളാലൊരു സ്നേഹ ലൈബ്രറി

പ്രളയത്തിൽ ലൈബ്രറി പുസ്തകങ്ങൾ നഷ്ടപ്പെട്ട കുമരകം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ് കൂളിന് സ്നേഹസമ്മാനമായി 1.30 ലക്ഷം രൂപയുടെ പുസ്തകങ്ങൾ നൽകി മഹാത്മാ ഗാന്ധി സർവകലാശാല . ക്ലാസ് ലൈബ്രറികളിലെയടക്കം പുസ്ത കങ്ങൾ പ്രളയത്തിൽ സ് കൂളിന് നഷ്ടപ്പെട്ടിരുന്നു. എം.ജി.സർവകലാശാല നൽകിയ പുസ്തകങ്ങളാൽ ലൈബ്രറി പുനർനിർമ്മിക്കാനൊരുങ്ങുകയാണ് സ്കൂൾ.

സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന 'സ്നേഹാക്ഷരം' പുസ്തക കൈമാറൽ ചടങ്ങ് വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ഉദ്ഘാടനം ചെയ്തു . സ്കൂൾ വിദ്യാർഥി കളിൽ ഉന്നത വിദ്യാഭ്യാസ താല്പര്യം വളർത്താൻ സർവകലാശാലയിലെ ലാബുകളും ഗവേഷണ പ്രവർത്തനങ്ങളും പരിചയപ്പെടുത്തുന്നതിനുള്ള സൗകര്യം സർവകലാശാല ഒരുക്കുമെന്ന് അദ്ദേഹം പറഞ്ഞു . സ്കൂൾ വിദ്യാർഥികൾക്ക് ലാബുകളും മറ്റും നേരിട്ട് കാണാനും ഗവേഷകരുമായി സംവദിക്കാനും അവസരമൊരുക്കും.

ഇതിനായി ഒരു ദിവസത്തെ പ്രത്യേക പരിപാടിതന്നെ നടപ്പാക്കും . 511 പുസ്തകങ്ങളാണ് സർവകലാശാല സ്കൂളിന് നൽകിയത്.

കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ .പി. സലിമോൻ അധ്യക്ഷത വഹിച്ചു . ജില്ലാ പഞ്ചായത്തംഗം ജയേഷ് മോഹൻ മുഖ്യപ്രഭാഷണം നടത്തി . ഗ്രാമപഞ്ചായത്തംഗം സിന്ധു രവികുമാർ , സർവകലാശാല ലൈബ്രേറിയൻ ഡോ . ലൈല ടി . എബ്രഹാം, പ്രിൻസിപ്പൽമാരായ ലിയ തോമസ് , വിശ്വനാഥൻ നായർ , ഹെഡ്മാസ്റ്റർ വിജയകുമാർ , പി.ടി.എ. പ്രസിഡന്റ് ഫിലിപ്പ് സ് കറിയ എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**പ്രളയത്തിൽ ലൈബ്രറി പുസ്തകങ്ങൾ നഷ്ടപ്പെട്ട കുമരകം ഗവൺമെന്റ് വി.എച്ച്.എസ്.എസിന് മഹാത്മാ ഗാന്ധി സർവകലാശാല നൽകുന്ന 1.30 ലക്ഷത്തിന്റെ പുസ്തകങ്ങൾ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പ്രിൻസിപ്പൽമാരായ ലിയ തോമസ്, വിശ്വനാഥൻ നായർ, ഹെഡ്മാസ്റ്റർ വിജയകുമാർ എന്നിവർക്ക് കൈമാറുന്നു.**

## പരീക്ഷ തീയതി

നാലാം വർഷ ബി .എസ്‌സി. നഴ്സിംഗ് (2010 അഡ്മിഷൻ മുതൽ - റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 14 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 26 വരെയും 500 രൂപ പിഴയോടെ 27 വരെയും 1000 രൂപ സൂപ്പർഫൈനോടെ 29 വരെയും സ്വീകരിക്കും. വിദ്യാർഥികൾ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

സീപാസിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി .ടെക് (2015 അഡ്മിഷൻ റഗുലർ ) പരീക്ഷകൾ ഡിസംബർ നാലു മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 26 വരെയും 500 രൂപ പിഴയോടെ 27 വരെയും 1000 രൂപ സൂപ്പർഫൈനോടെ 28 വരെയും സ്വീക രിക്കും. വിദ്യാർഥികൾ പേപ്പറൊന്നിന് 50 രൂപ വീതം (പരമാവധി സെമസ്റ്ററിന് 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

## പ്രാക്ടിക്കൽ

ബി.കോം ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്‌സി ചാൻസ് - സി.ബി.സി.എസ്.എസ്. - 2012 അഡ്മിഷൻ മുതൽ ) മെയ് 2018 പരീക്ഷയുടെ പ്രാ ക്ടിക്കൽ ഡിസംബർ മൂന്നു മുതൽ അഞ്ചു വരെ ഇടപ്പള്ളി സ്കൂൾ ഓഫ് ടെക് നോളജി ആന്റ് അപ്ലൈഡ് സയൻസസിൽ നടക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

രണ്ടാം സെമസ്റ്റർ എം .എസ്‌സി. സൈക്കോളജി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ പ്രാ ക്ടിക്കൽ നവംബർ 23, 26 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## പരീക്ഷഫലം

2018 മാർച്ചിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി .കോം എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ആറു വരെ അപേക്ഷിക്കാം.

2018 മേയിൽ നടത്തിയ നാലാം സെമസ്റ്റർ എം .എസ്‌സി. ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ഏഴ് വരെ അപേക്ഷിക്കാം.

2018 മേയിൽ നടത്തിയ നാലാം സെമസ്റ്റർ എം .എസ്‌സി. അപ്ലൈഡ് ഇലക് ട്രോണിക്സ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ഏഴ് വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്‌സി. റഗുലർ (2016 അഡ്മിഷൻ - ഡിപ്പാർട്ട്മെന്റ്, അഫിലിയേറ്റഡ് കോളേജുകൾ ), സപ്ലിമെന്ററി (അഫിലിയേറ്റഡ് കോളേജുകൾ , ഡിപ്പാർട്ട്മെന്റുകൾ - 2009 അഡ്മിഷൻ മുതൽ ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു . വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും

2017 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (റഗുലർ/സപ്ലിമെന്ററി), 2017 ഡിസംബറിൽ നടത്തിയ ഏഴാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (റഗുലർ), 2018 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ഡി .ഡി.എം.സി.എ. ( റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ആറ് വരെ അപേക്ഷിക്കാം.

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് (2017 അഡ്മിഷൻ റഗുലർ /2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ഒന്ന് വരെ അപേക്ഷിക്കാം.

## <u>ശില്പശാല</u>

അക്കാദമിക ഗവേഷണ രചനകളിലെ റഫറൻസുകൾ ക്രമീകരിക്കാൻ സഹായിക്കുന്ന മെൻഡലി സോഫ്റ്റ്‌വെയറിനെക്കുറിച്ചുള്ള ശില്പശാല നവംബർ 29ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടക്കും. രാവിലെ 10ന് എസ് . ജാസിം ക്ലാസെടുക്കും . രജിസ്ട്രേഷനും വിശദവിവരത്തിനും ഫോൺ : 9526719084, 9895474642.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ